# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് അമ്പത്തിമൂന്ന്

Sat ➳

## പഴയ ഉടമ്പടിയുടെ കാഴ്ചയും പുതിയ ഉടമ്പടിയുടെ ദൃശ്യവും തമ്മിലുള്ള വൈരുദ്ധ്യം

ഈ ദൂതിൽ നാം വളരെ ആവേശകരമായ വിഷയത്തിലേക്കു വരുന്നു—പഴയ ഉടമ്പടിയുടെ കാഴ്ചയും പുതിയ ഉടമ്പടിയുടെ ദൃശ്യവും തമ്മിലുള്ള വൈരുദ്ധ്യം (12:18-24). പൗലൊസ് സംശയലേശമെന്യേ ആത്മാവിലും മനസ്സിലും വിശിഷ്ടനായിരുന്നു. അവൻ വളരെ സമർഥനായ ഒരു വ്യക്തിയായിരുന്നു. തന്റെ പുസ്തകങ്ങളിൽ ഫോട്ടോകൾ ഉൾപ്പെടുത്തുന്ന ഇന്നത്തെ എഴുത്തുകാരിൽ ഒരുവനെപ്പോലെ 12:18-24-ൽ പൗലൊസ് ചില ചിത്രങ്ങൾ നമുക്കു തന്നു. ഈ വാക്യങ്ങളിൽ ചിത്രീകരിക്കപ്പെട്ട രണ്ടു ദൃശ്യങ്ങൾ ഒരു താരതമ്യം മാത്രമല്ല, പിന്നെയോ പഴയതും പുതിയതുമായ ഉടമ്പടികളുടെ സാഹചര്യത്തിന്റെ വ്യക്തമായ ഒരു വീക്ഷണവും നമുക്കു തരുന്നു.

ഈ ഏഴു വാക്യങ്ങൾ നാം ശ്രദ്ധയോടെ വായിക്കുമെങ്കിൽ, ആറു കാര്യങ്ങൾ പഴയ ഉടമ്പടിയുടേതാണെന്നും എട്ടു കാര്യങ്ങൾ പുതിയ ഉടമ്പടിയുടേതാണെന്നും നമുക്കു കാണുവാൻ കഴിയും. ആറ് എന്ന സംഖ്യ. പഴയ സൃഷ്ടിയുടെ സംഖ്യയാണ്, അത് ആറു ദിവസങ്ങളിൽ ഉണ്ടാക്കപ്പെട്ടതായിരുന്നു (ഉല്പ. 1:1). എട്ട് പുനരുത്ഥാനത്തിന്റെ സംഖ്യയാണ്. കർത്താവായ യേശു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ഉയർത്തെഴുന്നേറ്റു (യോഹ. 20:1), അത് എട്ടാം ദിവസമാണ്. പുതിയ ഉടമ്പടി പുനരുത്ഥനത്തിന്റെ വശത്താണെന്ന് പുതിയ ഉടമ്പടിയുടെ എട്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. എട്ട് എന്ന സംഖ്യ. ഒരു കാലയളവ് കടന്നുപോയശേഷമുള്ള ഒരു പുതിയ ആരംഭത്തെ സൂചിപ്പിക്കുന്നു. ഒരു ആഴ്ചയെന്നത് ഒന്നാമത്തെ കാലയളവും, രണ്ടാമത്തെ ആഴ്ചയുടെ ഒന്നാം ദിവസമായ എട്ടാം ദിവസം ഒരു പുതിയ ആരംഭവും ആണ്. ഇക്കാരണത്താൽ, എട്ടെന്ന സംഖ്യ. പുനരുത്ഥാനത്തെ, ഒരു പുതിയ ആരംഭത്തെ സൂചിപ്പിക്കുന്നു. പഴയ ഉടമ്പടിയുടെ കാലയളവ് കഴിഞ്ഞതിനുശേഷമുള്ള ഒരു പുതിയ തുടക്കമാണ് പുതിയ ഉടമ്പടി.

പഴയ ഉടമ്പടി ന്യായപ്രമാണത്തിന്റേതായിരുന്നു, അതിന്റെ സ്ഥാനം ഒരു വെപ്പാട്ടിയുടേതാണ്. പുതിയ ഉടമ്പടി കൃപയുടേതാണ്, അതിന്റെ സ്ഥാനം ഒരു ശരിയായ ഭാര്യയുടേതാണ്. അബ്രാഹാമിന്റെ ഭാര്യയായ സാറാ പുനരുത്ഥാനത്തിലുള്ള കൃപയെ സൂചിപ്പിക്കുകയും, വെപ്പാട്ടിയായ ഹാഗാർ ജഡത്തോടു ബന്ധപ്പെട്ട ന്യായപ്രമാണത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. ഇത് ഗലാത്യർ 4-ൽ പൗലൊസ് വളരെ വ്യക്തമാക്കുന്നുണ്ട്, ഈ രണ്ടു സ്ത്രീകൾ, ഹാഗാറും സാറയും രണ്ട് ഉടമ്പടികളാണ്, ഹാഗാർ പഴയ ഉടമ്പടിയും സാറാ പുതിയ ഉടമ്പടിയുമാണെന്ന് അവിടെ അവൻ നമ്മോടു പറയുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഹാഗാർ ന്യായപ്രമാണത്തെയും സാറാ കൃപയെയും കുറിക്കുന്നു. ഇന്ന് ക്രിസ്ത്യാനികളായ നാം ഹാഗാറിന്റെ മക്കളല്ല, സാറയുടെ മക്കളാണ്. നാം കൃപയുടെ മക്കളാണ്. ഈ രണ്ടു സ്ത്രീകൾ രണ്ടു മലകളെയും സൂചിപ്പിക്കുന്നു. ഹാഗാർ സീനായി മലയെയും സാറാ, നമ്മുടെ അമ്മയായ സ്വർഗീയ യെരൂശലേം എന്ന സീയോൻ മലയെയും സൂചിപ്പിക്കുന്നു.

## I. ന്യായപ്രമാണത്തിന്റെ വശത്തുള്ള പഴയ ഉടമ്പടിയുടെ കാഴ്ച

### A. ആറു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു

18 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന പഴയ ഉടമ്പടിയുടെ ആറു കാര്യങ്ങളിലേക്ക് നമുക്കു നോക്കാം. ഈ വശം ന്യായപ്രമാണത്തിന്റെ വശമാണ്.

#### *1. സ്പർശിക്കുവാൻ സാധിക്കുന്നതും തീ കത്തുന്നതുമായ പർവതം*

വാക്യം 18 പറയുന്നു, "നിങ്ങൾ സ്പർശിക്കുവാൻ സാധിക്കുന്നതും തീ കത്തുന്നതുമായ പർവതത്തിനും.... മുമ്പാകെയല്ല വന്നിരിക്കുന്നത്." പഴയ ഉടമ്പടിയുടെ കാഴ്ചയിലെ ഒന്നാമത്തെ കാര്യം തീ കത്തുന്ന ഒരു പർവതമായിരുന്നു (പുറ. 19:11-12, 18). ഇങ്ങനെയുള്ള ഒരു പർവതത്തെ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ? മരങ്ങൾകൊണ്ടു മൂടിയിരിക്കുന്നതും ഒഴുകുന്ന അരുവികളുമുള്ള ഒരു പർവത്തെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്, തീ കത്തുന്ന ഒരു പർവതത്തെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അത് എന്നെ ഭയപ്പെടുത്തും. "എബ്രായ വിശ്വാസികളേ, പഴയ ഉടമ്പടിയിലേക്കു മടങ്ങിപ്പോകുവാൻ നിങ്ങൾ ഇപ്പോഴും ഇഷ്ടപ്പെടുന്നുണ്ടോ? അത് തീ കത്തുന്ന ഒരു പർവതത്തിനുള്ളതാണെന്ന് നിങ്ങൾക്കറിയില്ലേ?" എന്ന് പൗലൊസ് പറയുന്നതായി തോന്നുന്നു. കഴിഞ്ഞ അധ്യായങ്ങളിൽ നിരവധി കാര്യങ്ങൾ പറഞ്ഞശേഷം അവൻ ഇങ്ങനെയുള്ള ഒരു ചിത്രം അവരെ കാണിച്ചു.

## 2. അന്ധകാരം

പഴയ ഉടമ്പടിയുടെ കാഴ്ചയിലുള്ള രണ്ടാമത്തെ കാര്യം അന്ധകാരമാണ് (വാ. 18; ആവ. 5:23). സാധാരണയായി, ഒരു വലിയ തീ ഉണ്ടായിരിക്കുമ്പോൾ അല്പം പ്രകാശവും പ്രകാശനവും ഉണ്ടായിരിക്കും. എന്നാൽ സീനായി പർവതത്തിൽ തീ കത്തിക്കൊണ്ടിരുന്നപ്പോൾ അവിടെ അന്ധകാരമായിരുന്നുവെന്ന് വേദപുസ്തകം പറയുന്നു. ഈ അന്ധകാരം രണ്ട് സ്രോതസ്സുകളിൽ നിന്നു വരുന്നു: അന്തരീക്ഷത്തിലെ തിങ്ങിയ മേഘത്തിൽനിന്നും ഭൂമിയിൽനിന്നുള്ള കനത്ത പുകയിൽനിന്നും. മേഘത്തിന്റെയും പുകയുടെയും സമ്മിശ്രം ഘോര അന്ധകാരം ഉളവാക്കി. ഈ ചിത്രം പഴയ ഉടമ്പടിയുടെ പ്രതിലോമ സാഹചര്യത്തെ വർണ്ണിക്കുന്നു.

## 3. കൂരിരുട്ട്

പഴയ ഉടമ്പടിയുടെ കാഴ്ചയിലുള്ള മൂന്നാമത്തെ കാര്യം കൂരിരുട്ടാണ് (വാ. 18; പുറ. 20:21; ആവ. 5:22). അന്ധകാരവും കൂരിരുളും തമ്മിലുള്ള വ്യത്യാസമെന്താണ്? എന്റെ അറിവും അനുഭവവും അനുസരിച്ച് അന്ധകാരം വസ്തുനിഷ്ഠവും കൂരിരുട്ട് വ്യക്തിനിഷ്ഠവും ആണ്. അന്ധകാരം ദൂരെയായിരിക്കുമ്പോൾ അത് അന്ധകാരമായി നിലനിൽക്കുന്നു, എന്നാൽ നാം അതിലേക്ക് പ്രവേശിക്കുമ്പോൾ അത് കൂരിരുട്ടായിത്തീരുന്നു. കൂരിരുട്ട് നാം വസിക്കുന്ന അന്തരീക്ഷമാണ്. നാം അന്ധകാരത്തിലേക്കു പ്രവേശിച്ച് അതിൽ വസിക്കുമ്പോൾ ആ അന്ധകാരം കൂരിരുട്ടായിത്തീരുന്നു. അന്ധകാരം പഴയ ഉടമ്പടിയിലുള്ളവർക്ക് വസ്തുനിഷ്ഠമായ ഒരു അവസ്ഥ മാത്രമായിരുന്നില്ല; അത് അവർ വസിച്ച കൂരിരുട്ടായിത്തീരുകയും ചെയ്തു.

ഇത് നമ്മുടെ ആത്മികാനുഭവത്തിലും സത്യമാണ്. നാം കർത്താവിനെ അന്വേഷിക്കാതിരുന്നപ്പോൾ, നാം അന്ധകാരത്തിലായിരുന്നു. എന്നാൽ നാം ആത്മിക കാര്യങ്ങളെ പിൻപറ്റുവാൻ തുടങ്ങിയപ്പോൾ നാം കൂരിരുട്ടാലായിരുന്നുവെന്ന ബോധം പെട്ടെന്ന് നമുക്കുണ്ടായി. നാം ഉണർത്തപ്പെടുന്നതിനുമുമ്പ് നാം അന്ധകാരത്തിലായിരുന്നു. ഉണർത്തപ്പെട്ടശേഷം നാം കൂരിരുട്ടുള്ള ഒരു സാഹചര്യത്തിലായിരുന്നു. എബ്രായ സഹോദരന്മാർ അന്ധകാരമുള്ള പഴയ ഉടമ്പടിയിലേക്ക് തിരികെ പ്പോയിരുന്നുവെങ്കിൽ, ആ അന്ധകാരം അവരെ കൂരിരുട്ടിലേക്ക് കൊണ്ടുപോകുമായിരുന്നു.

## 4. ചുഴലിക്കാറ്റ്

അടുത്തത് ചുഴലിക്കാറ്റാണ് (വാ. 18). ദിശയോ സമാധാനമോ ഇല്ലാത്ത ഒരു തരം കാറ്റാണ് ചുഴലിക്കാറ്റ്. ക്രിസ്തുമതത്തിലുള്ള

എന്റെ പശ്ചാത്തലത്തിൽ ദിശയോ സമാധാനമോ ഇല്ലായിരുന്നു. യെഹൂദമതഭക്തരോടുകൂടെയും ദിശയോ സമാധാനമോ ഉണ്ടായിരുന്നില്ല. അവരോടുകൂടെ ചുഴലിക്കാറ്റു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

### *5. കാഹളനാദം*

പഴയ ഉടമ്പടിയുടെ കാഴ്ചയിൽ ഒരു കാഹളനാദവും ഉണ്ട് (വാ. 19; പുറ. 19:13, 16, 19; 20:18). കാഹളനാദം ഒരു മുന്നറിയിപ്പിനെ ചൂണ്ടിക്കാണിക്കുന്നു. "ഇതു ചെയ്യരുത്, ചെയ്താൽ നിങ്ങൾ നരകത്തിൽ പോകും," അല്ലെങ്കിൽ, "സൂക്ഷിക്കുക, ഇല്ലെങ്കിൽ നിങ്ങളുടെ രക്ഷ നഷ്ടപ്പെടും" എന്നിങ്ങനെയുള്ള മുന്നറിയിപ്പുകൾകൊണ്ട് മതം നിറഞ്ഞിരിക്കുന്നു. മതത്തിൽ അനുലോമപരമായ ഒരു ദൂതു നല്കുന്നതിനെക്കാൾ അധികം അവർ മുന്നറിയിപ്പിന്റെ കാഹളം മുഴക്കുന്നു. മതം എല്ലായ്പ്പോഴും പറയുന്നു, "സൂക്ഷിക്കുക—അതു ചെയ്യരുത്," കാരണം മതത്തിൽ "ചെയ്യുക" എന്നതിനെക്കാൾ കൂടുതലുള്ളത് "ചെയ്യരുത്" ആണ്. കാഹളനാദം മതത്തിലെ ദാരിദ്ര്യത്തിന്റെ ഒരു അടയാളമാണ്. അനുലോമപരമായി നമുക്ക് നല്കാൻ മതത്തിന്റെ പക്കൽ ഒന്നുമില്ല; പ്രതിലോമപരമായി നമുക്കു മുന്നറിയിപ്പു നല്കുവാനേ അതിന് കഴിയൂ. ബുദ്ധമതവും, കത്തോലിക്കാമതവും, പ്രൊട്ടസ്റ്റന്റ് മതവും ഉൾപ്പെടെയുള്ള ഏതു മതവും തത്ത്വത്തിൽ ഒന്നുതന്നെയാണ്, മുന്നറിയിപ്പുകൾ മുഴക്കുകയും നാം എന്തു ചെയ്യരുതെന്ന് പറയുകയും ചെയ്യുന്നു.

### *6. വാക്കുകളുടെ ഭയാനകമായ ശബ്ദം*

പഴയ ഉടമ്പടിയുടെ കാഴ്ചയിലുള്ള ആറാമത്തെ കാര്യം. വാക്കുകളുടെ ഭയാനകമായ ശബ്ദമാണ് (വാ. 19; ആവ. 4:12; പുറ. 19:19). മതത്തിലെ ജനത്തിന് അവസാനമായുള്ളത് വാക്കുകളുടെ ഭയാനകമായ ശബ്ദമാണ്, കർത്താവിന് ഉല്ലാസഘോഷത്തോ ാടെയുള്ള സ്തുതിയല്ല. എന്നാൽ സഭയിൽ നാം എപ്പോഴും കേൾക്കുന്നത് കർത്താവിനെ സ്തുതിക്കുന്നതാണ്.

## B. സകല കാര്യങ്ങളും താൽക്കാലികമാകുന്നു

പഴയ ഉടമ്പടിയുടെ കാഴ്ചയിലുള്ള സകല കാര്യങ്ങളും പഴയ യുഗത്തിന്റേതായതുകൊണ്ട് അവ സ്ഥിരമല്ല, താൽക്കാലികമായിരുന്നു. പഴയ സൃഷ്ടി ഒരു ദിവസം നീങ്ങിപ്പോകുമെന്നതുപോലെ പഴയ സൃഷ്ടിയുടേതായ പഴയ ഉടമ്പടിയുടെ സകല കാര്യങ്ങളും അവസാനിപ്പിക്കപ്പെട്ടിരിക്കുന്നു.

## II. കൃപയുടെ വശത്തുള്ള പുതിയ ഉടമ്പടിയുടെ ദൃശ്യം

### A. നാലു ജോടികളിൽ അടങ്ങിയിരിക്കുന്ന എട്ടു കാര്യങ്ങൾ

ഇപ്പോൾ നാം കൃപയുടെ വശത്തുള്ള പുതിയ ഉടമ്പടിയുടെ ദൃശ്യത്തിലേക്കു വരുന്നു (വാ. 22-24). ഈ ദൃശ്യത്തിൽ നാലു ജോടികളിലായി എട്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഈ കാര്യങ്ങൾ ജോടികളിൽ ക്രമീകരിച്ചിരിക്കുന്നു എന്നത് വളരെ അർഥവത്താണ്. പഴയ ഉടമ്പടിയുടെ ആറു കാര്യങ്ങൾ ഓരോന്നായി അവതരിപ്പിച്ചപ്പോൾ, എബ്രായർ 6-ലെ അടിസ്ഥാന വചനത്തിന്റെ ആറു കാര്യങ്ങൾ മൂന്നു ജോടികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇവിടെ പന്ത്രണ്ടാം അധ്യായത്തിൽ പുതിയ ഉടമ്പടിയുടെ എട്ടു കാര്യങ്ങൾ നാലു ജോടികളിലാണ് നമുക്കുള്ളത്.

### *1. ഒന്നാമത്തെ ജോടി*

ഒന്നാമത്തെ ജോടി സീയോൻ മലയും (വാ. 22; സങ്കി. 2:6; വെളി. 14:1) സ്വർഗീയ യെരൂശലേം എന്ന ജീവനുള്ള ദൈവത്തിന്റെ നഗരവും ചേരുന്നതാണ് (വാ. 22; 11:10, 16; വെളി. 22:2). ഇവിടെ തീ ഇല്ല, പകരം സ്വർഗീയ യെരൂശലേം എന്ന മഹത്വകരമായ നഗരത്തോടുകൂടെയുള്ള മനോഹരമായ ഒരു മലയുണ്ട്, അത് ദൈവത്തിന്റെ നിവാസവും അവന്റെ സാർവത്രിക ഭരണനിർവഹണത്തിന്റെ കേന്ദ്രവും ആണ്.

### *2. രണ്ടാമത്തെ ജോടി*

അസംഖ്യം ദൂതന്മാരുടെ സാർവത്രിക കൂടിവരവും (വാ. 22; വെളി. 5:11) സ്വർഗത്തിൽ പേർ ചേർത്തിട്ടുള്ള ആദ്യജാതന്മാരുടെ സഭയും ചേരുന്നതാണ് രണ്ടാമത്തെ ജോടി (വാ. 23; 2:12; ലൂക്കൊ. 10:20). "സാർവത്രിക കൂടിവരവ്" എന്നതിനുള്ള യവനപദത്തെ "ഉത്സവ കൂടിവരവ്" എന്നും വിവർത്തനം ചെയ്യാം. *പനെഗുറിസ്* എന്ന ഈ യവനപദം അർഥമാക്കുന്നത് സാർവത്രികമായ കൂടിവരവ്, മുഴുവനായ അഥവാ പൂർണമായ കൂട്ടം എന്നാണ്, ഈ പദം ഒളിമ്പിക്സ് പോലുള്ള ഒരു പൊതുവായ ഉത്സവം ആഘോഷിക്കുവാനുള്ള ജനത്തിന്റെ കൂടിവരവിന് ഉപയോഗിക്കുന്നു. പുതിയ ഉടമ്പടിയുടെ യുഗം മുഴുവൻ ഒരു ഉത്സവവും, പുതിയ ഉടമ്പടിയിൻകീഴിൽ രക്ഷയുടെ അവകാശികൾക്ക് ശുശ്രൂഷിക്കുന്നവരായ അസംഖ്യം ദൂതന്മാർ (1:14) പ്രപഞ്ചത്തിലെ ഏറ്റവും മഹത്തരവും ആവേശകരവുമായ "കളി"യായ "ഇത്ര വലിയ രക്ഷ"യുടെ (2:3) ആശ്ചര്യകരമായ ഉത്സവം ആഘോഷിക്കുന്ന ഒരു ഉത്സവ കൂടിവരവും ആണ്. ലൂക്കൊസ് 15:7-ലും 10-ലുമുള്ള കർത്താവിന്റെ വാക്ക് ഇത് സൂചിപ്പിക്കുന്നു.

നാം കണ്ടതുപോലെ, "സാർവത്രിക കൂടിവരവ്" എന്നതിന് അപ്പൊസ്തലനായ പൗലൊസ് ഉപയോഗിച്ച യവനപദം പുരാതന

ഗ്രീസിലെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ പൊതു കളികളായ ഒളിമ്പിക്സ് കായികമത്സരങ്ങളെ വിശദീകരിക്കുവാൻ ഉപയോഗിച്ചിരുന്നു. ഒളിമ്പിക്സ് മത്സരങ്ങളുടെ സമയത്ത് ജനം വലിയ പൊതു കൂടിവരവുകൾ നടത്തുമായിരുന്നു. ഇതേ രീതിയിൽ, വലിയ ജനക്കൂട്ടം അമേരിക്കയിൽ ഇന്ന് ഫുട്ബാൾ കളികളിൽ സംബന്ധിക്കുന്നു. ഈ പ്രപഞ്ചത്തിൽ ഒരു കളി നടന്നു കൊണ്ടിരിക്കുന്നു എന്നു കാണിക്കുവാൻ അപ്പൊസ്തലനായ പൗലൊസ് ഒളിമ്പിക്സ് മത്സരങ്ങളുടെ പശ്ചാത്തലം ഉപയോഗിച്ചു. ഈ കളിയുടെ കാഴ്ചക്കാർ അതു കാണുവാൻ ഒരുമിച്ചു കൂടിയ അസംഖ്യം ദൂതന്മാരാണ്. ഈ കളി ഈ അധ്യായത്തിൽ (വാ. 1) നേരത്തെ പ്രതിപാദിച്ച ഓട്ടമാണ്. ഈ കളിയിൽ പങ്കെടുക്കുവാൻ നാം യോഗ്യരാണ്, എന്നാൽ ദൂതന്മാർ യോഗ്യരല്ല. അവർ ആരവം മുഴക്കുന്ന കാഴ്ചക്കാരായിരിക്കുവാൻ മാത്രമാണ് യോഗ്യർ. ലൂക്കൊസ് 15:7-ലും 10-ലും, "ദൈവദൂതന്മാരുടെ സന്നിധിയിൽ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സന്തോഷം ഉണ്ടാകുന്നു" എന്ന് കർത്താവായ യേശു പറഞ്ഞു. ഒരു പാപി രക്ഷിക്കപ്പെടുമ്പോഴെല്ലാം ദൂതന്മാർ ആവേശഭരിതരാകുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഇന്ന് സംഭവിക്കുന്നതിനെക്കുറിച്ചും സ്വർഗത്തിലെ ദൂതന്മാർ ആവേശഭരിതരാണെന്ന് ഞാൻ പൂർണമായും വിശ്വസിക്കുന്നു. നാം ഏറ്റവും വലിയ മത്സരം കളിക്കുന്നു, ദൂതന്മാർ നമ്മുടെ കാഴ്ചക്കാരാണ്.

അസംഖ്യം ദൂതന്മാരുടെ സാർവത്രിക കൂടിവരവിനെയും സ്വർഗത്തിൽ പേർ ചേർത്തിട്ടുള്ള ആദ്യജാതന്മാരുടെ സഭയെയും പൗലൊസ് ഒരുമിച്ചു വച്ചുവെന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. നാം ആദ്യജാതന്മാരും അവർ കാഴ്ചക്കാരുമാണ്; നാം ഓട്ടക്കാരും അവർ നിരീക്ഷിക്കുന്നവരുമാണ്. ഒരു ഫുട്ബാൾ മത്സരത്തിൽ കാഴ്ചക്കാരാണ് എപ്പോഴും കളിക്കാരെക്കാൾ കൂടുതൽ ആവേശഭരിതരാകുന്നത്. നാം എപ്പോഴും ആവേശഭരിതരാകുന്നില്ലെങ്കിലും ദൂതന്മാർ നമ്മെ നിരീക്ഷിക്കുമ്പോൾ വളരെ ആവേശഭരിതരാകുന്നു. "ദൂതന്മാർ ഉറ്റുനോക്കുവാൻ വാഞ്ഛിക്കുന്നു." എന്നു പറയുന്ന 1 പത്രൊസ് 1:12 ചൂണ്ടിക്കാണിക്കുന്നത് ഈ സുവിശേഷ കളി അറിയുവാൻ ദൂതന്മാർ ആകാംക്ഷയുള്ളവരാകുന്നു എന്നാണ്. ആർപ്പുവിളിക്കുന്ന ദൂതന്മാർ പരിതാപകരമായ ക്രിസ്ത്യാനിത്വത്തിൽ വളരെ തല്പരരാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അവിടെ ഓട്ടം ഇല്ലാത്തതുകൊണ്ട് ഒരു കളി നടക്കുന്നില്ല. എന്നാൽ ഇന്ന് സഭാജീവിതത്തിൽ ഒരു യഥാർഥ കളി നടക്കുന്നുണ്ട്. സഭാജീവിതത്തിൽ സംഭവിക്കുന്നതിനെക്കുറിച്ച് നാം ആവേശഭരിതരാകുമ്പോഴെല്ലാം ദൂതന്മാർ അതിനെക്കാൾ ആവേശഭരിതരാകുന്നുണ്ടാകും. സഭാജീവിതം ദൂതന്മാരെ വളരെ ആവേശഭരിതരായി നിലനിർത്തുന്നു.

മുഴുവൻ പ്രപഞ്ചത്തിലുമുള്ള ദൈവത്തിന്റെ ഇംഗിതത്തിന്റെ ദൃഷ്ടികേന്ദ്രം നമ്മെപ്പോലെയുള്ള ഒരുകൂട്ടം ജനത്തെ നേടുക എന്നതാണ്. വളരെക്കാലമായി ദൂതന്മാർ ഇതിനുവേണ്ടി കാത്തിരിക്കുന്നു. അമേരിക്കയിൽ കളികളൊന്നും നടക്കുന്നില്ലെങ്കിൽ, എപ്പോൾ ഒരു കളി ഉണ്ടാകും എന്നു കൗതുകപ്പെട്ടുകൊണ്ട് നിരവധി അമേരിക്കക്കാർ കാത്തിരിക്കുമായിരുന്നു. ഇതുപോലെ, കത്തോലിക്കാമതത്തിൽ വിഗ്രഹങ്ങളെ ആരാധിക്കുകയും അവയ്ക്ക് മെഴുകുതിരികൾ കത്തിക്കുകയും ചെയ്യുന്നതു കണ്ട ദൂതന്മാർ നൂറ്റാണ്ടുകളായി യേശുവിന്റെ യഥാർഥ അന്വേഷകരുടെ ഒരു കൂട്ടത്തെ കാണുവാൻ കാത്തിരിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയായിരുന്നു. അവർ ഇതു കാണുമ്പോഴൊക്കെയും സ്തുതിക്കുന്ന രീതിയിൽ സന്തോഷിക്കുന്നു.

### *3. മൂന്നാമത്തെ ജോടി*

Mon ➸

പുതിയ ഉടമ്പടിയുടെ ദൃശ്യത്തിലെ മൂന്നാമത്തെ ജോടിയെന്ന നിലയിൽ നമുക്ക് എല്ലാവരുടെയും ന്യായാധിപനായ ദൈവവും (വാ. 23; ഉല്പ. 18:25; സങ്കീ. 94:2) തികഞ്ഞവരാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കളും ഉണ്ട് (വാ. 23). ഈ ജോടിയിൽ ന്യായാധിപനെന്ന നിലയിൽ നീതിമാനായ ദൈവവും നീതിമാന്മാരുടെ ആത്മാക്കളും ഉണ്ട്, അവർ ക്രിസ്തുവിന്റെ മുൻകുറികളിലുള്ള തങ്ങളുടെ വിശ്വാസം മുഖാന്തരം തികഞ്ഞവരാക്കപ്പെട്ട പഴയനിയമ വിശുദ്ധന്മാരാണ്.

### *4. നാലാമത്തെ ജോടി*

നാലാമത്തെ ജോടി പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ യേശുവും (വാ. 24; 8:6; 9:15) ഹാബേലിന്റെ രക്തത്തെക്കാൾ മേന്മയേറിയത് സംസാരിക്കുന്ന തളിപ്പിന്റെ രക്തവും ആണ് (വാ. 24; 9:12, 14; ഉല്പ. 4:10). നാം കണ്ടതുപോലെ യേശുവാണ് പുതിയ ഉടമ്പടിയുടെ മധ്യസ്ഥൻ. *നിയോസ്* എന്ന യവനപദം ഇവിടെ അർഥമാക്കുന്നത് പുതിയത്, ഗുണത്തോടുള്ള ബന്ധത്തിൽ പുതുമയുള്ളത് എന്നാണ്. ഈ ജോടിയിൽ നമുക്ക് പുതിയ ഉടമ്പടിയുടെ മധ്യസ്ഥൻ, വീണ്ടെടുപ്പുകാരൻ, മാത്രമല്ല ഉള്ളത്, പുതിയ ഉടമ്പടിയുടെ രക്തവും ഉണ്ട്.

ഈ പുസ്തകത്തിൽ ക്രിസ്തുവിന്റെ രക്തം പ്രത്യേകമായി വിശിഷ്ടവും നിർണായകവുമാണ്. ഈ നിത്യ ഉടമ്പടിയുടെ രക്തത്താലാണ് (13:20) പുതിയതും മേന്മയേറിയതുമായ ഉടമ്പടി നടപ്പാക്കിയത് (10:29). ഈ രക്തം മുഖാന്തരം ക്രിസ്തു ഒരിക്കലായി അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുകയും നമുക്കുവേണ്ടി നിത്യ വീണ്ടെടുപ്പ് സാധിക്കുകയും ചെയ്തു (9:12). ഈ രക്തത്താൽ ക്രിസ്തു സ്വർഗത്തെയും സ്വർഗീയമായ സകല കാര്യങ്ങളെയും ശുദ്ധീകരിക്കുകയും ചെയ്തു (9:22-24). ഈ രക്തം

നമ്മെ വിശുദ്ധീകരിക്കുകയും (13:12; 10:29), ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനഃസാക്ഷിയെ ശുദ്ധീകരിക്കുകയും (9:14), ഹാബേലിന്റെ രക്തത്തെക്കാൾ മേന്മയേറിയത് നമുക്കുവേണ്ടി സംസാരിക്കുകയും ചെയ്യുന്നു (12:24). ഈ രക്തത്താലാണ് അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കാനുള്ള ധൈര്യം നമുക്കുള്ളത് (10:19). ഈ രക്തത്തെ മൃഗരക്തംപോലെ സാമാന്യമെന്ന് നാം കരുതരുത്. നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ, ദൈവത്തിന്റെ ശിക്ഷ അനുഭവിക്കും (10:29).

ക്രിസ്തുവിന്റെ രക്തം വീണ്ടെടുക്കുകയും, ശുദ്ധീകരിക്കുകയും, നിർമ്മലീകരിക്കുകയും മാത്രമല്ല, അത് സംസാരിക്കുകയും ചെയ്യുന്നു. ഇത് സംസാരിക്കുന്ന രക്തമാണ്, ഹാബേലിന്റെ രക്തത്തെക്കാൾ മേന്മയേറിയത് സംസാരിക്കുന്നു. ഹാബേലിന്റെ രക്തം കുറ്റാരോപണത്തിനും പ്രതികാരത്തിനുമായി ദൈവത്തോടു സംസാരിക്കുന്നു (ഉല്പ. 4:10, 15), എന്നാൽ ക്രിസ്തുവിന്റെ രക്തം ക്ഷമെക്കും, നീതീകരണത്തിനും, നിരപ്പിനും, വീണ്ടെടുപ്പിനുംവേണ്ടി ദൈവത്തോടു സംസാരിക്കുന്നു. കൂടാതെ, (ഈ പുസ്തകത്തിൽ അനാവരണം ചെയ്തിരിക്കുന്നതുപോലെ) ഈ രക്തത്താൽ നിത്യമായ പുതിയ ഉടമ്പടി നടപ്പാക്കപ്പെട്ടുവെന്നും, വിശ്വാസത്താൽ ഈ ഉടമ്പടി സ്വീകരിച്ച ക്രിസ്തുവിലുള്ള വിശ്വാസികൾക്ക് ഈ പുതിയ ഉടമ്പടിയിൽ ദൈവം അവനെത്തന്നെയും തന്റെ അനുഗ്രഹങ്ങളെയും നല്ലണമെന്നും പറഞ്ഞുകൊണ്ട് ഈ വിലയേറിയ രക്തം നമുക്കുവേണ്ടി ദൈവത്തോട് സംസാരിക്കുന്നു.

## B. എല്ലാ കാര്യങ്ങളും നിത്യമാകുന്നു

പുതിയ ഉടമ്പടിയുടെ എട്ടു കാര്യങ്ങളും പുനരുത്ഥാനത്തിന്റെ വശത്തിലായതിനാൽ, അവയെല്ലാം നിത്യമായത്, എന്നേക്കും നിലനിൽക്കുന്നത് ആണ്. പുതിയ ആകാശവും പുതിയ ഭൂമിയും പഴയ സൃഷ്ടി കഴിഞ്ഞുപോയശേഷവും നിലനിൽക്കുമെന്നപോലെ ഈ എട്ടു കാര്യങ്ങളും നിത്യതയോളം നിലനിൽക്കും.

18-ഉം 19-ഉം വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ ന്യായപ്രമാണത്തിന്റെ വശത്തെ സൂചിപ്പിച്ചുകൊണ്ട് ഭൗമികമോ ഭൗതികമോ ആണ്, ആ വശത്ത് മോശെ ഉൾപ്പെടെയുള്ള എല്ലാവരും ഭയപ്പെട്ടുപോയി (വാ. 19-21). 18-ഉം 19-ഉം വാക്യങ്ങളിൽ എഴുതിയിട്ടുള്ള ഭൗമികവും ഭൗതികവുമായ കാര്യങ്ങൾക്കു വിരുദ്ധമായി 22 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ കൃപയുടെ വശത്തെ സൂചിപ്പിച്ചുകൊണ്ട് സ്വർഗീയവും ആത്മികവുമാണ്. ഈ വശത്ത്, ആദ്യജാതന്മാരും നീതിമാന്മാരുടെ ആത്മാക്കളും കൃപയാൽ രക്ഷിക്കപ്പെടുന്നു. പഴയ ഉടമ്പടിയിൻ കീഴിലുള്ളവർ ന്യായപ്രമാണത്തിന്റെ വശത്തേക്കും, പുതിയ ഉടമ്പടിയിൻ കീഴിലുള്ള നമ്മൾ ക്രിസ്ത്യാനികൾ

കൃപയുടെ വശത്തേക്കും വരുന്നു. ഇക്കാരണത്താൽ, നാം "ന്യായപ്രമാണത്തിൻ കീഴിലല്ല കൃപയിൻ കീഴിലത്രേ ആകുന്നു" (റോമ. 6:14). ഗലാത്യർ 4:21-31 പോലെ വചനത്തിന്റെ ഈ ഭാഗം നമ്മെ കാണിക്കുന്നത് നാം ന്യായപ്രമാണത്തിന്റെ ബന്ധനത്തിൻ കീഴിലല്ല, മറിച്ച് അവകാശികളായിരിക്കാനുള്ള കൃപയുടെ സ്വതന്ത്ര്യത്തിൻകീഴിലാകുന്നു എന്നാണ്. ഇത് നമ്മുടെ ജന്മാവകാശമാണ്. കൃപയിൽനിന്നും വീണുപോകുന്നതിലൂടെ നാം അതിനെ നഷ്ടപ്പെടുത്തരുത് (വാ. 15), മറിച്ച് കൃപ ഉണ്ടായിരിക്കണം (വാ. 28). കൃപയുടെ വശത്തുള്ള കാര്യങ്ങൾ സ്വർഗീയമാണെങ്കിലും ഇപ്പോൾ എല്ലാവരും സ്വർഗത്തിലല്ല. സഭയുടെ ആദ്യജാതന്മാരിൽ വലിയൊരു സംഖ്യ. ഇപ്പോഴും ഭൂമിയിലും, പഴയനിയമ വിശുദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾ, അബ്രാഹാം ആയിരിക്കുന്നതും കർത്താവായ യേശുവും രക്ഷിക്കപ്പെട്ട കള്ളനും ക്രൂശിൽ മരിച്ചശേഷം പോകുകയും (ലൂക്കൊ. 24:43) ചെയ്ത പറുദീസയിലും ആണ് (ലൂക്കൊ. 16:22-24, 26).

നാം കണ്ടതുപോലെ ന്യായപ്രമാണത്തിന്റെ വശത്തുള്ള ആറ് കാര്യങ്ങളിൽ ഒന്നുംതന്നെ സന്തോഷകരമല്ല. ഒന്നാമതായി, അവിടെ തീ കത്തുന്ന ഒരു പർവതമുണ്ട്! അങ്ങനെയുള്ള ഒരു സ്ഥലത്ത് ആർ സമീപിക്കും! പിന്നീട് അന്ധകാരവും, കൂരിരുട്ടും, തീവ്രമായ ചുഴലിക്കാറ്റുമുണ്ട്. അവസാനമായി, ഭയാനകമായ കാഹളനാദവും, വാക്കുകളുടെ ഗൗരവമേറിയ മുന്നറിയിപ്പിൻ ശബ്ദവും ഉണ്ട്. ഇവയെല്ലാം ഒരുമിച്ച് ഭയാനകമായ ഒരു കാഴ്ചയെ അവതരിപ്പിക്കുന്നു. എന്നാൽ കൃപയുടെ വശത്ത് സകലവും സന്തോഷകരമാണ്. ഇവിടെയുള്ള എട്ടു കാര്യങ്ങൾ നാല് ജോടികളായി പരിഗണിച്ചിരിക്കുന്നു. ദൈവത്തിന്റെ നിവാസത്തെയും അവന്റെ സാർവത്രിക ഭരണനിർവഹണത്തിന്റെ കേന്ദ്രത്തെയും കുറിക്കുന്ന ഉയർന്ന സീയോൻ പർവതവും മനോഹരമായ സ്വർഗീയ യെരൂശലേമുമാണ് ഒന്നാമത്തെ ജോടി. എത്ര മനോഹരമായ സ്ഥലം! പിന്നെ, തങ്ങൾ ശുശ്രൂഷിക്കുന്ന രക്ഷയുടെ അവകാശികളോടു ബന്ധപ്പെട്ടിരിക്കുന്ന, ആഘോഷിക്കുന്ന ജയഘോഷം മുഴക്കുന്ന ദൂതന്മാരും സഭയുടെ അനുഗ്രഹിക്കപ്പെട്ട ആദ്യജാതന്മാരും ചേരുന്നതാണ് ദൃശ്യത്തിലെ രണ്ടാമത്തെ ജോടി. ദൂതഗണം ഒത്തുചേരുന്നതിന്റെ എത്ര ആനന്ദപ്രദമായ പ്രകടനം! ആദ്യജാതന്മാരുടെ സഭയെന്ന നിലയിൽ രക്ഷയെ അവകാശമാക്കുന്ന മനുഷ്യർ പുതിയ ഉടമ്പടിയുടെ ആനുഗ്രഹങ്ങളിൽ പങ്കെടുക്കുന്നത് അവർ ആഘോഷിക്കുന്നു. നീതിമാനായ, എല്ലാവരുടെയും ന്യായാധിപതിയായ ദൈവത്തെയും പഴയനിയമ വിശുദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കളെയും (അവരുടെ ഉയിർപ്പിക്കപ്പെടാത്ത ശരീരത്തെക്കുറിച്ചെഴുതുന്നത് ഇവിടെ യോഗ്യമല്ല)

മൂന്നാമത്തെ ജോടിയായി ഒരുമിച്ച് ബന്ധപ്പെടുത്തിയിരിക്കുന്നു: എങ്ങനെ നീതിമാനായ ദൈവം തങ്ങളുടെ വിശ്വാസം നിമിത്തം പഴയകാല നീതിമാന്മാരായ വിശുദ്ധന്മാരെ നീതീകരിക്കുന്നു എന്ന് ഇതു കാണിക്കുന്നു. അവസാനമായി, "മേന്മയേറിയ ഉടമ്പടിയായ" പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ പ്രിയപ്പെട്ട കർത്താവായ യേശുവും മേന്മയേറിയ കാര്യങ്ങൾ സംസാരിക്കുന്ന അവന്റെ വിലിയേറിയ തളിക്കപ്പെട്ട രക്തവും ചേരുന്നതാണ് അവസാനത്തെ ജോടി: തന്റെ മേന്മയേറിയ രക്തംകൊണ്ട് മേന്മയേറിയ ഒരു ഉടമ്പടി നടപ്പാക്കിയിരിക്കുന്നു എന്നും, അവൻ മരിക്കുകയും ഈ പുതിയ ഉടമ്പടി ഒരു പുതിയനിയമമായി തന്റെ വിശ്വാസികൾക്ക് ഒസ്യത്തായി നൽകിയിരിക്കുന്നു എന്നും, ഇപ്പോൾ അവൻ പുതിയനിയമത്തിൽ ഉള്ളടങ്ങിയിരിക്കുന്ന അനുഗൃഹീതമായ സകല വസ്തുതകളുടെയും പൂർണ സാക്ഷാൽക്കാരം നടപ്പിലാക്കുന്ന പുതിയനിയമത്തിന്റെ മധ്യസ്ഥൻ, നിർവാഹകനാണ് എന്നും ഇതു ചൂണ്ടിക്കാണിക്കുന്നു. എത്ര സന്തോഷപ്രദമായ ദൃശ്യം! ദൈവമില്ലാത്തതും, രക്ഷകനില്ലാത്തതും, ദൂതന്മാരെപ്പോലും പ്രതിപാദിക്കാത്തതുമായ ന്യായപ്രമാണത്തിന്റെ വശത്തുള്ള കാഴ്ചയിൽനിന്ന് എന്തുമാത്രം വ്യത്യസ്തം! രക്ഷിക്കപ്പെട്ട ഒരുവനെപ്പോലും അവിടെ കാണാനില്ലാത്തതിൽ അതിശയമില്ല! കൃപയുടെ ദൃശ്യത്തിൽ നീതീകരിക്കുന്ന ദൈവവും, തന്റെ സംസാരിക്കുന്ന രക്തത്തോടുകൂടെ തന്റെ പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ രക്ഷകനും, രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തോടുകൂടെ (സഭ) ശുശ്രൂഷിക്കുന്ന ദൂതന്മാരും, നീതീകരിക്കപ്പെട്ട വിശുദ്ധന്മാരുടെ ആത്മാക്കളും ഉണ്ട്. ന്യായപ്രമാണത്തിന്റെ വശത്ത് ഭയപ്പെടുത്തുന്ന കാഹളത്തോടും മുന്നറിയിപ്പു നല്കുന്ന വാക്കുകളോടുംകൂടെ കാഴ്ച അവസാനിക്കുന്നു. കൃപയുടെ വശത്ത് ദൃശ്യം അവസാനിക്കുന്നത് സഹതപിക്കുന്ന ഒരു മധ്യസ്ഥനോടും നീതീകരിക്കുന്ന ഒരു സംസാരത്തോടും കൂടെയാണ്. ഇങ്ങനെയുള്ള ഒരു താരതമ്യത്തിലേക്കു നോക്കിയശേഷം, കൃപയുടെ വശത്തെ ഉപേക്ഷിക്കുകയും ന്യായപ്രമാണത്തിന്റെ വശത്തേക്കു തിരിയുകയും ചെയ്യുന്ന ഭോഷത്വം ആർ കാണിക്കും? കൃപയുടെ വശത്തുള്ള എട്ടു കാര്യങ്ങളും സ്വാർഗീയമോ ആത്മികമോ മാത്രമല്ല, അവ നിത്യവുമാണ്. ഇക്കാരണത്താൽ, ആകാശത്തെ കുലുക്കിയാലും (വാ. 26) നിത്യമായ ഈ എട്ടു കാര്യങ്ങൾ അങ്ങനെതന്നെ നിലനിൽക്കും (വാ. 27).